

# THE BIBLE TRUTH

# ഒരു വർഷത്തേക്കുള്ള വാക്യപഠനം

| | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മേയ് | ജൂൺ | ജൂലായ് | ആഗസ്റ്റ് | സെപ്റ്റംബർ | ഒക്ടോബർ | നവംബർ | ഡിസംബർ |
|---|---|---|---|---|---|---|---|---|---|---|---|---|
| ആത്മാവ് നേടൽ | പ്രവൃത്തി 20:20 | മത്തായി 9.37–38 | മത്തായി 5:13 | റോമർ 4:2,3 | 1കൊരിന്ത്യർ 5:58 | മർക്കൊസ് 5:19 | ലൂക്കൊസ് 19.10 | റോമർ 10:1 | സദൃശവാക്യം 1:10 | യാക്കൊ 5:19 | മർക്കൊസ് 1:17 | ലൂക്കൊസ് 15:10 |
| ആത്മസമർപ്പണം | മത്തായി 4:4 | ഫിലിപ്പിയർ 1:21 | റോമർ 12:1,2 | എഫെ 2:10 | ലൂക്കൊസ് 14:27 | മത്തായി 6:33 | മത്തായി 4:10 | മത്തായി 10:37 | കൊലൊസ്സ്യർ 3:17 | ഗലാത്യർ 2:20 | 2കൊരിന്ത്യർ 5:17 | ലൂക്കൊസ് 9:23 |
| ക്രിസ്തീയ ജീവിതം | യോഹന്നാൻ 2:15,16 | 2കൊരിന്ത്യർ 5:17 | 1കൊരിന്ത്യർ 9:13,14 | മർക്കൊസ് 12:30,31 | മത്തായി 23:12 | 2കൊരിന്ത്യർ 6:14,17 | എബ്രായർ 7:8 | മത്തായി 26:41 | മത്തായി 6:6 | എബ്രായർ 10:25 | റോമർ 14:21 | മത്തായി 6:14,15 |
| ദൈവം | എബ്രായർ 11:6 | 1യോഹന്നാൻ 1:5 | യാക്കൊബ് 1:17 | 1യോഹന്നാൻ 4:8 | എബ്രായർ 10:30,31 | 2 തിമൊ 2:13 | 1തിമൊ 2:4 | എബ്രായർ 12:29 | 2 പത്രൊസ് 3:4 | യോഹന്നാൻ 4:24 | ലൂക്കൊസ് 1:37 | പുറപ്പാട് 20:56 |
| ക്രിസ്തു | ലൂക്കൊസ് 24:44 | ലൂക്കൊസ് 2:11 | 1 തിമൊ 1:15 | യോഹന്നാൻ 10:30 | മത്തായി 16:16 | മത്തായി 17:5 | യോഹന്നാൻ 11:25,26 | യോഹന്നാൻ 8:58 | മത്തായി 1:21 | യോഹന്നാൻ 1:29 | ലൂക്കൊസ് 1:32 | യോഹന്നാൻ 8:12 |
| വീണ്ടെടുപ്പ് | യോഹന്നാൻ 16:8 | എഫെസ്യർ 2:8,9 | യോഹന്നാൻ 3:16 | പ്രവൃത്തി 4:12 | 2കൊരിന്ത്യർ 8:4 | റോമർ 6:23 | 2കൊരിന്ത്യർ 5:21 | തിതൊസ് 2:11–14 | റോമർ 3:23 | യെശയ്യാവ് 53:6 | റോമർ 1:16 | റോമർ 4:25 |
| പരിവർത്തനം | റോമർ 6:3–4 | പ്രവൃത്തി 18:8 | ലൂക്കൊസ് 24:46,47 | ഗലാത്യർ 3:27 | പ്രവൃത്തി 2:38 | റോമർ 10:9–10 | 1പത്രൊസ് 3:21 | മർക്കൊസ് 16:15,16 | യോഹന്നാൻ 3:5 | പ്രവൃത്തി 3:19 | മത്തായി 28:19 | പ്രവൃത്തി 22:16 |
| സഭ | യോഹന്നാൻ 10:16 | മത്തായി 3:2 | മത്തായി 4:17 | മത്തായി 10:7 | 1കൊരിന്ത്യർ 1:10 | എഫെസ്യർ 4:11 | എഫെസ്യർ 4:4–6 | മർക്കൊസ് 9:1 | മത്തായി 16:18 | പ്രവൃത്തി 2:47 | 1കൊരിന്ത്യർ 3:11 | റോമർ 16:16 |
| വിവാദം | 2യോഹന്നാൻ 9–11 | യോഹന്നാൻ 17:20,23 | മത്തായി 7:21 | മത്തായി 23:9 | മത്തായി 15:13,14 | ലൂക്കൊസ് 6:46 | മർക്കൊ 7:7 | യാക്കൊ 2:24 | യോഹന്നാൻ 14:6 | യൂദാ 3 | മത്തായി 22:29 | ഗലാത്യർ 1:8–9 |
| തീരുമാനം | മത്തായി 25:46 | മത്തായി 23:37 | 2കൊരി 5:10 | യോഹന്നാൻ 1:11,12 | മത്തായി 7:13,14 | മത്തായി 6:19,20 | മത്തായി 11:28–30 | ഗലാത്യർ 6:7,8 | മർക്കൊസ് 8:36 | യോഹന്നാൻ 6:27 | മത്തായി 12:30 | ലൂക്കൊസ് 12:15 |

# THE BIBLE TRUTH

Editors

**P. K. VARGHESE** **J. C. CHOATE**

000 000 000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 15 May 2001 No. 2

## എഡിറ്റോറിയൽ

ഏകാധിപത്യ രാജ്യങ്ങളിലൊഴിച്ച് മറ്റെല്ലാ രാജ്യങ്ങളിലും തിരഞ്ഞെടുപ്പുകൾ നടക്കുന്നുണ്ട്. ഭരണാധികാരികളെ തിരഞ്ഞെടുക്കുവാൻ ജനങ്ങൾക്കു കിട്ടുന്ന അവസരമാണിത്. ഏതൊരു പൗരന്റേയും മൗലികാവകാശങ്ങൾ നിലനിർത്തി കൊണ്ടുപോകാൻ, കാര്യക്ഷമമായ ഭരണം അനിവാര്യമാണ്. ഭൗതികമായ കാര്യങ്ങളുടെ സുഗമമായ നടത്തിപ്പിനു ഇതു ഒഴിച്ചുകൂടാനാവാത്തതുമാണ്. ജനങ്ങളുടെ ഇച്ഛക്കു പൂർണ്ണ തൃപ്തി വരുത്തുവാൻ ഒരു ഭരണ കർത്താക്കന്മാർക്കും കഴിഞ്ഞിട്ടില്ല. ഏതൊരു രാഷ്ട്രീയ പാർട്ടി അധികാരത്തിൽ വന്നാലും പ്രകടമായ മാററം വരാൻ പോകുന്നില്ല എന്ന കാഴ്ചപ്പാട് ഉള്ളവരും ഉണ്ട്. അതുകൊണ്ടു അവർ തിരഞ്ഞെടുപ്പിനെ നേരിടുന്നതു താല്പര്യമില്ലാതെയാണ്. മോഹന വാഗ്ദാനങ്ങൾ നല്കി അധികാരത്തിലെത്തുന്നവർ സ്ഥാന ലബ്ധിയോടെ എല്ലാം മറക്കുന്നു. ചില തത്പര സംഹിതകൾക്കു അവർ അടിമപ്പെടേണ്ടി വരുന്നു. ഇതാണ് സാധാരണ സംഭവിക്കുന്നത്. സാമൂഹ്യസേവനം നിസ്വാർത്ഥമായി, നിഷ്പക്ഷമായി ചെയ്യുന്നവർ ഇന്നു വിരളമാണ്. ജനങ്ങളെ സേവിക്കേണ്ടവർ ഇന്നു പ്രസ്ഥാനങ്ങളെ സേവിക്കേണ്ട ഗതികേടിലാണ്. എന്തുകൊണ്ട് ഇങ്ങനെയെല്ലാം സംഭവിക്കുന്നു ?

ചരിത്രത്തിലേക്കു നാം കണ്ണോടിച്ചാൽ വാസ്തവം മ

നസിലാകും. മനുഷ്യരെല്ലാം ദൈവത്തിന്റെ സന്താനങ്ങളാണല്ലോ. ആ നില ഗണ്യമാക്കാതെ പോയവരാണ് പ്രാരംഭഘട്ടത്തിൽ രാജാക്കന്മാരായി ജനങ്ങളെ ഭരിക്കുവാൻ തുടങ്ങിയത്. കായിക, ആയുധ ശേഷിയുപയോഗിച്ചാണ് അവർ ഈ നേട്ടം കൈവരിച്ചത്. ഇതു ദൈവഹിതത്തിനെതിരായിരുന്നു. ദൈവത്താൽ ഭരിക്കപ്പെടേണ്ടവരാണ് ദൈവത്തിന്റെ സന്താനങ്ങളായ മനുഷ്യർ. അതിനു പകരം മനുഷ്യർ തന്നെ മനുഷ്യരെ ഭരിക്കുന്ന സമ്പ്രദായം ദൈവത്തിനിഷ്ടമല്ല. രാജ ഭരണം ജനങ്ങൾ വെറുക്കാൻ തുടങ്ങിയതുകൊണ്ടു അതിനെതിരെ പോരാടി ജനങ്ങൾക്കു വേണ്ടി ജനങ്ങളാൽ തിരഞ്ഞെടുക്കുന്ന ജനപ്രതിനിധികൾ രാജ്യം ഭരിക്കാൻ തുടങ്ങി. അതാണല്ലോ ഇന്നു അധികം രാജ്യങ്ങളിലും ഉള്ളത്. പക്ഷെ ഇതിലും ആളുകൾ തൃപ്തരല്ല. കാരണം, അഴിമതിയാകാം; അല്ലെങ്കിൽ അനീതിയാകാം, പക്ഷവാദപരമായ നീക്കം ആകാം. എന്തായാലും ശരി ഈ ഭരണ സംവിധാനവും അധികനാൾ നീണ്ടു പോകയില്ല. ജനങ്ങൾ ആഗ്രഹിക്കുന്ന സൽഭരണവും സമാധാനവും നടത്തുവാൻ ഭൗതിക കാഴ്ചപ്പാടുള്ള ഒരു മനുഷ്യനും സാദ്ധ്യമല്ല. പിന്നെന്താണ് പരിഹാരമാർഗ്ഗം ?

ദൈവമാണ് ഏക രാജാവ് എന്നും അവന്റെ നിയമമാണ് പ്രജകളാകുന്ന സകല മനുഷ്യരും അനുസരിക്കേണ്ടതു എന്നും സകല ജനവും തിരിച്ചറിയണം. അപ്പോൾ സ്ഥാനമാനങ്ങളോ അതിനു വേണ്ടിയുള്ള വടം വലികളോ ഉണ്ടാകുന്നില്ല. എല്ലാവരും ദൈവ ഭയത്തിൽ ദൈവത്തിനു കീഴ്പ്പെട്ടിരിക്കും. അഴിമതിയോ, അക്രമമോ ഉണ്ടാകയില്ല. ദൈവം അതു വെറുക്കുന്നുവല്ലോ. ദൈവം സമാധാന രാജാവാണ്. ഏതൊരു ആവശ്യവും ദൈവം നിറവേറ്റും എന്ന വിശ്വാസം വേണം. മാത്രമല്ല ദൈവ നിയമം എല്ലാവരും പാലിക്കയും വേണം.

★

# രണ്ടു ഉടമ്പടികൾ

## J. C. ചോട്ട്

ഒരു ഉടമ്പടി എന്നു പറഞ്ഞാൽ കരാർ അല്ലെങ്കിൽ നിയമം എന്നാണ് അർത്ഥമാക്കുന്നത്. അതു രണ്ടു വ്യക്തികൾ തമ്മിൽ ഉണ്ടാക്കുന്നതാകാം. അല്ലെങ്കിൽ രണ്ടു സമൂഹങ്ങൾ തമ്മിലാകാം. ഈ പഠനത്തിൽ നാം പരിഗണിക്കുന്നതു ദൈവവും മനുഷ്യരും തമ്മിലുള്ള നിയമമാണ്. നിയമ കർത്താവ് ദൈവമാണ്. മനുഷ്യൻ പ്രാഥമികമായി കണക്കിലെടുക്കേണ്ടതു രണ്ടു നിയമങ്ങളാണ്. മോശെയുടെ ന്യായപ്രമാണം എന്ന പേരിൽ അറിയപ്പെടുന്ന ഒന്നു നാം പഴയ നിയമത്തിൽ കാണുന്നു. മറേറതു പുതിയ നിയമത്തിൽ കാണുന്നു. അതു ക്രിസ്തുവിൻെറ പ്രമാണം എന്നു അറിയപ്പെടുന്നു.

ഈ രണ്ടു നിയമങ്ങളും ഒരുപോലെ കണക്കാക്കി വരുന്നുണ്ട് എന്നു പ്രസ്താവിക്കപ്പെടുന്നുണ്ട്. ഒന്നു പഴയതും മറേറതു പുതിയതും എന്നു വ്യക്തമായി പറഞ്ഞിട്ടു പോലും ആളുകൾ ഇവ രണ്ടും ഒരേപോലെ കണക്കാക്കുന്നതിൻെറ ഔചിത്യം വിചിത്രം തന്നെ. പഴയതും പുതിയതും എന്ന പദപ്രയോഗത്തിൽ തന്നെ ആദ്യത്തേതിനു പകരമായിട്ടുള്ളതാണ് രണ്ടാമത്തേതു എന്നു വരുന്നു. എന്നാൽ ലോകത്തിൽ ഇന്നു ധാരാളം പേർ, ഈ രണ്ടു നിയമങ്ങളും പ്രമാണിക്കേണ്ടതാണെന്നു വിശ്വസിക്കുന്നുണ്ട്. ദൈവത്തെ പ്രസാദിപ്പിക്കുവാൻ അതു ആവശ്യമാണോ എന്നു മനസിലാക്കുകയാണ് ഈ പഠനത്തിൻെറ ഉദ്ദേശം.

വ്യത്യസ്ഥ കാലയളവിൽ, വ്യത്യസ്ഥരായ ആളുകൾക്കു വ്യത്യസ്ഥമായ ഉദ്ദേശങ്ങൾക്കു ക്രിസ്തു വരുന്നതിനു ആയിരത്തി അഞ്ഞൂറു വർഷങ്ങൾക്കു മുൻപ് ദൈവം ഇസ്രായേൽ ദേശവുമായി ഒരു ഉടമ്പടി ചെയ്തു. അതാണ് മോശെയുടെ ന്യായപ്രമാണം എന്നറിയപ്പെടുന്നത്.

ക്രിസ്തുവിന്റെ വരവിനായി ഇസ്രായേൽ ദേശവും അവരിൽ കൂടെ ലോകവും ഒരുങ്ങേണ്ടതിനായിരുന്നു അത്. ദൈവം അതു മോശെ മുഖാന്തരമാണ് അവർക്കു കൊടുത്തത്. മോശെയേക്കാൾ വലിയവനാണല്ലോ ക്രിസ്തു (എബ്രായർ 3:1-6). ആകയാൽ മോശെയുടെ ന്യായപ്രമാണത്തിനു പകരം നല്കിയ പുതിയ നിയമവും ശ്രേഷ്ഠമാണ്. അതിനർത്ഥം പുതിയ നിയമം പ്രാബല്യത്തിൽ വന്നതോടെ പഴയതിന്റെ പ്രാബല്യം ഇല്ലാതായി എന്നാണ്.

ചിലർ പഴയ നിയമത്തിലെ ചിലതും പുതിയ നിയമത്തിലെ ചിലതും ആചരിക്കുന്നുണ്ട്. പക്ഷെ ഒരു സമയത്തു രണ്ടു നിയമങ്ങൾ അനുസരിക്കാൻ സാദ്ധ്യമല്ല. നിങ്ങൾ അതിനെ കുറിച്ച് ചിന്തിച്ചിട്ടുണ്ടോ ? മോശെയുടെ ന്യായപ്രമാണത്തിൻ കീഴിൽ ആയിരുന്നവർക്കു അധികം പേർക്കും ക്രിസ്തുവിന്റെ നിയമം അനുസരിക്കാൻ പറ്റിയില്ല. കാരണം ക്രിസ്തുവിന്റെ നിയമം പ്രാബല്യത്തിൽ വന്നപ്പോഴേക്കും അവർ മരണമടഞ്ഞു. നിയമം മാറുന്ന സമയത്തു ജീവിച്ചിരുന്ന ചുരുക്കം പേർക്കു മാത്രമെ ആ സാദ്ധ്യതയുണ്ടായിരുന്നുള്ളു. മോശെയുടെ ന്യായപ്രമാണത്തിൽ നിന്നു ക്രിസ്തുവിന്റെ നിയമത്തിലേക്കു മാറുന്ന ഒരു സമയമുണ്ടായിരുന്നു. എന്നാൽ നാമിന്നു അങ്ങനെയുള്ള സമയത്തിലല്ല. പുതിയ നിയമം മാത്രം നിലവിലുള്ള സമയത്താണ്. ക്രിസ്തുവിന്റെ നിയമം പ്രാബല്യത്തിൽ വന്നശേഷം ജനിച്ച ആർക്കും മോശെയുടെ കാലത്തിലേക്കു തിരിച്ചുപോയി ആ ന്യായപ്രമാണം അനുസരിക്കാൻ സാദ്ധ്യമല്ല. അതുപോലെ ഇന്നു ജീവിക്കുന്ന നമുക്ക് ആർക്കും മോശെയുടെ ന്യായപ്രമാണത്തിലേക്കു തിരിച്ചു പോയി ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയില്ല.

ശബ്ബത്തു ആചരിക്കുന്ന ചിലർ അതു ന്യായീകരിക്കുന്നതിനു അവർ മോശെയുടെ ന്യായപ്രമാണത്തിലേക്കു പോകാറുണ്ട്. ഉപകരണ സംഗീതം, ദശാംശം എന്നിവ

യും അവർ പരിശീലിക്കുന്നുണ്ട്. മൃഗബലിയും മററും നടത്താത്തതെന്ത് എന്ന ചോദ്യത്തിനു അവർ പറയുന്നതു: ന്യായപ്രമാണത്തിലെ. ഒരു ഭാഗം മാത്രമെ നീങ്ങപ്പെട്ടിട്ടുള്ളു; നീങ്ങപ്പെടാത്തതു ഞങ്ങൾ ചെയ്യുന്നു എന്നാണ്. വേദപുസ്തകത്തിൽ ഒരിടത്തും അങ്ങനെ പറയുന്നില്ല. ന്യായപ്രമാണത്തിൽ പറയുന്നതു ചെയ്യുന്നവർ അതിലെ മുഴുവൻ കല്പനകളും പ്രമാണിക്കണം. ന്യായപ്രമാണത്തിൽ ഒന്നിൽ തെററിയാൽ സകലത്തിലും തെററുകാരാകുന്നു (ഗലാത്യർ 5:3).

ക്രിസ്തു ക്രൂശിൽ മരിച്ചതോടെ ന്യായപ്രമാണം നീങ്ങപ്പെട്ടു അഥവാ നിവർത്തീകരിക്കപ്പെട്ടു. അതിന്റെ ഒരു ഭാഗം മാത്രമല്ല, മുഴുവനായി നീങ്ങപ്പെട്ടു. പൌലൊസ് പറയുന്നതു: ''അതിക്രമങ്ങൾ ഒക്കെയും നമ്മോടു ക്ഷമിച്ചു ചട്ടങ്ങളാൽ നമുക്കു വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്തു മായിച്ചു ക്രൂശിൽ തറെച്ചു നടുവിൽ നിന്നു നീക്കി കളഞ്ഞു'' (കൊലൊസ്യർ 2:14).

യേശുക്രിസ്തു മരിച്ചപ്പോൾ യെരുശലേം ദേവാലയത്തിലെ തിരശീല മുകൾ തൊട്ട് അടിവരെ രണ്ടായി ചീന്തിപോയി എന്നാണ് തിരുവെഴുത്തു പഠിപ്പിക്കുന്നതു. നമുക്കു വേണ്ടി ക്രിസ്തു ഒരു മഹാപുരോഹിതനായി അതി വിശുദ്ധ സ്ഥലത്തു പ്രവേശിച്ചിരിക്കുന്നു എന്നതിന്റെ സൂചനയാണത്. അതോടെ മോശെയുടെ ന്യായപ്രമാണത്തിനു അന്ത്യമായി (മത്തായി 20:51).

ക്രിസ്തു മരിക്കുന്നതിനു മുൻപ് ഒരു പ്രസ്താവന വെളിപ്പെടുത്തുകയുണ്ടായി: ''നിവൃത്തിയായി'' (യോഹന്നാൻ 19:30). ക്രിസ്തു എന്തു ചെയ്യാൻ വന്നുവോ ആ പ്രവൃത്തി നിവർത്തിയായി. പഴയ നിയമം നിവർത്തിയാക്കിക്കൊണ്ടു പകരം പുതിയതു സർവ്വ ലോകത്തിനുമായി നല്കി. അന്ത്യകാലത്താണ് അതു നിലവിൽ വന്നതു.

എബ്രായ ലേഖകൻ അതിനെ കുറിച്ച് പറയുന്നതു: ദൈവം പണ്ടു ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകൻ മുഖാന്തരം പിതാക്കന്മാരോടു അരുളിച്ചെയ്തിട്ടു ഈ അന്ത്യകാലത്തു പുത്രൻ മുഖാന്തരം നമ്മോടു അരുളിച്ചെയ്തിരിക്കുന്നു (എബ്രായർ 1 1-2). ദൈവം പണ്ടു പല രീതിയിൽ സംസാരിച്ചു. എന്നാൽ ഇപ്പോഴും ജീവനോടെ ഇരിക്കുന്ന നമ്മുടെ കാലയളവിൽ ദൈവ പുത്രനായ യേശുവിൽ കൂടെയാണ് ദൈവം സംസാരിക്കുന്നത്..

പഴയ നിയമവും പുതിയ നിയമവും തമ്മിലുള്ള വ്യത്യാസത്തെ കുറിച്ച് എബ്രായ ലേഖകൻ തന്നെ വിവരിക്കുന്നുണ്ട്. ''ക്രിസ്തുവോ വരുവാനുള്ള നന്മകളുടെ മഹാപുരോഹിതനായി വന്നിട്ടു കൈപ്പണിയല്ലാത്തതായി എന്നുവെച്ചാൽ ഈ സൃഷ്ടിയിൽ ഉൾപ്പെടാത്തതായി വലിപ്പവും തികവുമേറിയ ഒരു കൂടാരത്തിൽ കൂടി ആട്ടുകൊററന്മാരുടെയും പശുകിടാങ്ങളുടേയും രക്തത്താലല്ല, സ്വന്ത രക്തത്താൽ തന്നേ ഒരിക്കലായിട്ടു വിശുദ്ധ മന്ദിരത്തിൽ പ്രവേശിച്ചു എന്നേക്കുമുള്ളോരു വീണ്ടെടുപ്പു സാധിപ്പിച്ചു. ആട്ടുകൊററന്മാരുടെയും കാളകളുടെയും രക്തവും മലിനപ്പെട്ടവരുടെ മേൽ തളിക്കുന്ന പശു ഭസ്മവും ജഡിക ശുദ്ധി വരുത്തുന്നു എങ്കിൽ നിത്യാത്മാവിനാൽ ദൈവത്തിനു തന്നെത്താൻ നിഷ്കളങ്കനായി അർപ്പിച്ച ക്രിസ്തുവിൻെറ രക്തം ജീവനുള്ള ദൈവത്തെ ആരാധിപ്പാൻ നിങ്ങളുടെ മനസാക്ഷിയെ നിർജീവ പ്രവൃത്തികളെ പോക്കി എത്ര അധികം ശുദ്ധീകരിക്കും ? അതു നിമിത്തം ആദ്യ നിയമത്തിലെ ലംഘനങ്ങളിൽ നിന്നുള്ള വീണ്ടെടുപ്പിനായി ഒരു മരണം ഉണ്ടായിട്ടു നിത്യാവകാശത്തിൻെറ വാഗ്ദത്തം വിളിക്കപ്പെട്ടവർക്കു ലഭിക്കേണ്ടതിനു അവൻ പുതിയ നിയമത്തിൻെറ മദ്ധ്യസ്ഥൻ ആകുന്നു. നിയമം ഉള്ളേടത്തു നിയമ കർത്താവിൻെറ മരണം തെളിവാൻ ആവശ്യം. മരിച്ച ശേഷമേ നിയമം സ്ഥിരമാകുന്നു (എബ്രായർ 9:11-16).

ഹനനയാഗവും വഴിപാടും നീ ഇഛിച്ചില്ല; എന്നാൽ

നീ എനിക്കു ഒരു ശരീരം ഒരുക്കിയിരിക്കുന്നു. 'സർവ്വാംഗഹോമങ്ങളിലും പാപയാഗങ്ങളിലും നീ പ്രസാദിച്ചില്ല. അപ്പോൾ ഞാൻ പറഞ്ഞു: ഇതാ ഞാൻ വരുന്നു; പുസ്തകച്ചുരുളിൽ എന്നെ കുറിച്ച് എഴുതിയിരിക്കുന്നു' ദൈവമേ നിന്റെ ഇഷ്ടം ചെയ്‌വാൻ ഞാൻ വരുന്നു എന്നു അവൻ പറയുന്നു. ന്യായപ്രമാണ പ്രകാരം കഴിച്ചു വരുന്ന യാഗങ്ങളും വഴിപാടും സർവ്വാംഗ ഹോമങ്ങളും പാപയാഗങ്ങളും നീ ഇച്ഛിച്ചില്ല അവയിൽ പ്രസാദിച്ചതുമില്ല. എന്നിങ്ങനെ പറഞ്ഞ ശേഷം ഇതാ ഞാൻ നിന്റെ ഇഷ്ടം ചെയ്‌വാൻ വരുന്നു എന്നു പറഞ്ഞുകൊണ്ടു അവൻ രണ്ടാമത്തേതിനെ സ്ഥാപിപ്പാൻ ഒന്നാമത്തേതിനെ നീക്കികളയുന്നു (എബ്രായർ 10:4-9).

പൂർണ്ണതയും തികവും പ്രാബല്യവുമുള്ള ക്രിസ്തുവിന്റെ നിയമമാണ് നാം അനുസരിക്കേണ്ടതു. കാരണം അവനാണ് നമ്മുടെ കർത്താവും രക്ഷിതാവും അതിനേക്കാൾ കൂടുതൽ മറ്റെന്തു വേണം ?

*

# ബൈബിൾ ഉത്തരം നല്കട്ടെ

## റോബർട്ട് എം

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

പ്രത്യാശയിൽ അടങ്ങിയിരിക്കുന്നതു ആശയും പ്രതീക്ഷയുമാണ്. ആഗ്രഹമില്ലാത്ത മനുഷ്യരില്ലല്ലോ. പ്രതീക്ഷയില്ലാത്തവരും ചുരുക്കം ആയിരിക്കും. ലക്ഷ്യത്തിൽ നിന്നു വ്യതിചലിപ്പിക്കുന്ന കാഴ്ച്ചപ്പാടായിരിക്കരുത് ഒരു ദൈവ പൈതലിന്റെ. തന്റെ ജീവിതത്തിൽ മുൻഗണനാക്രമം ആത്മികമായിരിക്കണം. ആദ്യം ദൈവം, പിന്നെ അവന്റെ രാജ്യവും നീതിയും. ഇങ്ങനെയായിരിക്കണം നാം കാര്യങ്ങളെ വിവേചിച്ച് പ്രവർത്തിക്കുവാൻ (ഫിലി

പ്പിയർ 3:14; 1 പത്രൊസ് 1:3-6). അവന്റെ ലക്ഷ്യം സ്വർഗ്ഗമായിരിക്കും. അതിനുവേണ്ടി അവസാനത്തോളം പ്രവർത്തിച്ചാൽ ലഭിക്കുക തന്നെ ചെയ്യും. കാരണം ദൈവം വാഗ്ദാനം ചെയ്തിട്ടുണ്ട് (യോഹന്നാൻ 14:1-3; 1 പത്രൊസ് 1:3-4; കൊലൊസ്യർ 1:5).

ജാതികളുടെ അപ്പൊസ്തലൻ എന്നറിയപ്പെടുന്ന പൌലൊസ് എഫേസ്യയിലുള്ളവർക്കുള്ള പ്രബോധനത്തിൽ പറയുന്നതു ഏക പ്രത്യാശക്കായി നിങ്ങളെ വിളിച്ചിരിക്കുന്നു എന്നാണ്. സുവിശേഷത്താലാണ് ദൈവം ഓരോരുത്തരെ വിളിക്കുന്നത് (2 തെസലൊനിക്യർ 2:14). സുവിശേഷത്തിൽ ഉൾക്കൊണ്ടിരിക്കുന്ന പ്രത്യാശ നിത്യജീവൻ തന്നെയാണ്. സ്വർഗ്ഗത്തിൽ നമുക്കു നമ്മുടെ ദൈവവുമായി എന്നേക്കും വസിക്കാം (തീത്തൊസ് 3:7; 1 തെസലൊനിക്യർ 5:8).

ഈ പ്രത്യാശ നമ്മെ രക്ഷിക്കുന്ന ഒന്നാണ് (റോമർ 8:24). ഒരാൾ തന്റെ സ്വർഗ്ഗീയ ലക്ഷ്യം മുൻനിർത്തി ജീവിച്ചാൽ ആത്മാവിന്റെ നങ്കൂരമായി പ്രത്യാശ നിലകൊള്ളുന്നു (എബ്രായർ 6:19). ലോകം നശ്വരമായ പല മോഹങ്ങളിലേക്കും നമ്മെ ആകർഷിക്കുന്നുണ്ട് (മത്തായി 6:19-21). എന്നാൽ ഒരിക്കലും വാടിപ്പോകാത്തതും അനശ്വരവുമായതുമാണ് സ്വർഗ്ഗം (1 പത്രൊസ് 1:4). പോരാടി നേടേണ്ടതായ ഈ അവകാശം വളരെ വില മതിക്കുന്നതാണ്; ഒരു കിരീടവുമാണ്. നാം വാഞ്ഛയോടെ സൂക്ഷിക്കേണ്ട ഒരു ലക്ഷ്യമാണ് പ്രത്യാശ. വിശ്വസ്തരെയാണ് ദൈവം രക്ഷിക്കുന്നത് (വെളിപ്പാട് 2:10; 2 പത്രൊസ് 2:20-22). നാം പ്രത്യാശയാൽ രക്ഷിക്കപ്പെടുന്നു. കാണുന്നതു താല്ക്കാലികവും കാണാത്തതു നിത്യവുമാണ്. കാണുന്നതിനായി നാം പ്രത്യാശിക്കേണ്ടതില്ല; കാണാത്തതിനായി നാം ആശയോടെ കാത്തിരിക്കുന്നു.

ക്രിസ്ത്യാനികൾക്കു ദൈവം നല്കുന്ന പ്രത്യാശഎന്നു പറയുമ്പോൾ തെററിദ്ധരിക്കരുത്. ആർക്കും എപ്പോഴും ക്രിസ്തുവിൽ വിശ്വസിക്കുവാനും അവന്റെ കല്പനകൾ പ്രമാണിക്കുവാനും കഴിയും. അതിനു തീരുമാനമെടുക്കേണ്ടതു ഓരോ വ്യക്തിയുമാണ്. അതായതു തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം ദൈവം ആരിൽ നിന്നും എടുത്തു കളഞ്ഞിട്ടില്ല. പലരും അതു ശരിയായി ഉപയോഗിക്കുന്നില്ല എന്നതാണ് പരമാർത്ഥം. ദൈവത്തിൽ നിന്നു ലഭിക്കുവാനുള്ള നന്മകളെ അവഗണിക്കുന്നതു അജ്ഞതകൊണ്ടാണ്. ഇന്നത്തെ മതാനുഷ്ഠാനങ്ങൾ ദൈവകല്പനകളുമായി ബന്ധമില്ലാതെയാണിരിക്കുന്നത്. മതാദ്ധ്യക്ഷന്മാർക്കു വേദപരിജ്ഞാനമില്ലാത്തതാണ് കാരണം. അന്ധമായി സമുദായങ്ങളെ പിൻ പററുന്നവർ വേദപുസ്തക സത്യത്തെ പരിശോധിക്കുന്നില്ല. ഫലമോ അവസാനം ദൈവത്തിൽ നിന്നു ഒന്നും ലഭിക്കാതെ വരുന്നു. ഈ ആയുസിൽ മാത്രം ക്രിസ്തുവിൽ പ്രത്യാശ വെച്ചിരിക്കുന്നവർക്കു വരുവാനുള്ള ലോകത്തിൽ നിരാശ അനുഭവപ്പെടും.

ക്രിസ്തുവിനെ അനുഗമിക്കുന്നവർക്കു നിത്യജീവൻ വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട് (തീത്തോസ് 1:2; 3:5). നാം അതിനെ ആഗ്രഹിക്കയും പ്രതീക്ഷിച്ചിരിക്കയും ചെയ്യുന്നു. ഇപ്പോഴും നാം അതു തിരിച്ചറിഞ്ഞിട്ടില്ല. കാരണം പ്രാപിക്കാനിരിക്കുന്നേയുള്ളു. വരുവാനുള്ള ലോകത്തിൽ കർത്താവു നമുക്കു ഒരു ഭവനം വാഗ്ദാനം ചെയ്തിരിക്കുന്നു. അന്ത്യത്തോളം നാം അവനിൽ വിശ്വസ്തരായി ജീവിച്ചാൽ ദൈവം വാഗ്ദാനം ചെയ്തതു നമുക്കു ലഭിക്കും. ദൈവം ഭോഷ്ക്കു പറയുന്നവനല്ല (എബ്രായർ 6:18). ന്യായവിധി നാളിൽ നമുക്കതു തിരിച്ചറിയാം (1 യോഹന്നാൻ 2:25; മർക്കോസ് 10:28-30).

★

# മനസലിവുള്ള ക്രിസ്തു

### J. L. ലീഫെസ്റ്റ്

"ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവു എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവു എന്റെ മേൽ ഉണ്ട്; ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്കു കാഴ്ച്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു എന്നു എഴുതിയിരിക്കുന്ന സ്ഥലം ഉണ്ട് (ലൂക്കൊസ് 4:18-19).

ഈ ലോകത്തിൽ ആളുകൾ പലപ്പോഴും ദയവില്ലാത്തവരായി കാണപ്പെടുന്നു. ശാരീരികമായോ മററു രീതിയിലോ ആളുകൾ പരസ്പരം മുറിവേല്പിക്കുന്നു. ഇടുങ്ങിയ മനോഭാവത്തോടെ, ദ്വേഷ്യഭാവത്തോടെ, ക്രൂര സ്വഭാവത്തോടെ മററുള്ളവരോടു പെരുമാറുന്നവരുണ്ട്. വേറെ ചിലർ ചതിക്കുകയോ കള്ളം പറയുകയോ, ഏഷണി പറയുകയോ ചെയ്തു മററുള്ളവരുടെ വികാരത്തെ വൃണപ്പെടുത്തും.

ദൈവിക സ്വഭാവം ഉൾക്കൊള്ളേണ്ടവരാണ് ക്രിസ്ത്യാനികൾ. അതിൽ ഒന്നാണ് മനസ്സലിവ്. ദൈവം സ്നേഹമാണ് (1 യോഹന്നാൻ 4:8). ദൈവ ഭക്തിയുടെ ശക്തമായ ഭാവം തന്നെ ദൈവിക സ്നേഹം തന്നെയാണ് (1 കൊരിന്ത്യർ 13). ഈ ലോകത്തിൽ ദൈവ പുത്രനായി ജനിച്ചവനാണ് ക്രിസ്തു. മനുഷ്യ രൂപമെടുത്തു ദൈവിക സ്വഭാവം പൂർണ്ണ രൂപത്തിൽ ലോകത്തിനു വെളിപ്പെടുത്തി (മത്തായി 3:13-17; യോഹന്നാൻ 1:14; 14:1-10; കൊലൊസ്യർ 1:15). ജീവിച്ചിരുന്ന മനുഷ്യരിൽ വെച്ച് ഏററവും വലിയ മനസുള്ളവനാണ് ക്രിസ്തു. അതിന്റെ പരിണിത ഫലമയിരുന്നു അവന്റെ ക്രൂശു മരണം.

## അവൻ ഭൂമിയിൽ ആയിരുന്നപ്പോൾ മനുഷ്യർക്കു അവൻെറ ശുശ്രൂഷ

"അവൻ വന്നു വലിയ പുരുഷാരത്തെ കണ്ടു മനസലിഞ്ഞു അവരുടെ രോഗങ്ങളെ സൗഖ്യമാക്കി (മത്തായി 14: 14). ഒരു കുഷ്ഠരോഗി അവൻെറ അടുക്കൽ വന്നു മുട്ടുകുത്തി നിനക്കു മനസുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയും എന്നു അപേക്ഷിച്ചു. യേശു മനസലിഞ്ഞു കൈ നീട്ടി അവനെ തൊട്ടു മനസുണ്ടു ശുദ്ധമാക എന്നു പറഞ്ഞു ഉടനെ കുഷ്ഠം വിട്ടുമാറി അവനു ശുദ്ധി വന്നു (മർക്കൊസ് 1:40-42).

അവൻ യെരീഹോവിൽ നിന്നു പുറപ്പെടുമ്പോൾ വലിയൊരു പുരുഷാരം അവനെ അനുഗമിച്ചു. അപ്പോൾ വഴിയരികെ ഇരിക്കുന്ന രണ്ടു കുരുടന്മാർ യേശു കടന്നു പോകുന്നതു കേട്ടു. കർത്താവേ, ദാവീദുപുത്രാ, ഞങ്ങളോടു കരുണ തോന്നേണമേ, എന്നു നിലവിളിച്ചു. മിണ്ടാതിരിപ്പാൻ പുരുഷാരം അവരെ ശാസിച്ചപ്പോൾ അവർ കർത്താവേ, ദാവീദു പുത്രാ ഞങ്ങളോടു കരുണ തോന്നേണമേ എന്നു അധികം നിലവിളിച്ചു. യേശു നിന്നു അവരെ വിളിച്ചു. ഞാൻ നിങ്ങൾക്കു എന്തു ചെയ്യേണമെന്നു ഇച്ഛിക്കുന്നു എന്നു ചോദിച്ചു. കർത്താവേ ഞങ്ങൾക്കു കണ്ണു തുറന്നു കിട്ടേണം എന്നു അവർ പറഞ്ഞു. യേശു മനസലിഞ്ഞു അവരുടെ കണ്ണു തൊട്ടു. ഉടനെ അവർ കാഴ്ച പ്രാപിച്ചു. അവനെ അനുഗമിച്ചു (മത്തായി 20:30-30).

വൈകല്യം നേരിട്ട ആളുകളോടും രോഗികളോടും യേശുക്രിസ്തുവിനു മനസലിവുണ്ടായിരുന്നു. യേശു മുഖാന്തരം ദൈവ ശക്തിയാൽ അത്ഭുതങ്ങൾ നടന്നു (മത്തായി 14:35-36; ലൂക്കൊസ് 7:21).

അവൻെറ ശുശ്രൂഷയിൽ ഉയർന്ന ഗുണനിലവാരം നാം ദർശിക്കുന്നുണ്ട്. ഏതാനും ചില രോഗങ്ങളിൽ മാത്രം ഒതുങ്ങി നില്ക്കുന്നതല്ല അവൻെറ അത്ഭുത രോഗ

സൗഖ്യം. ജനങ്ങളിലുള്ള സകല ദീനത്തേയും രോഗത്തേയും അവൻ സൗഖ്യമാക്കി എന്നതാണ് പ്രത്യേകത. തന്നോടടുത്തവരേയും അപരിചിതരേയും, യവനനെയും യഹൂദനേയും, കുഷ്ഠരോഗിയെയും യാചകനേയും, പ്രമാണിയേയും പ്രായപൂർത്തിയായവരേയും കുട്ടികളേയും അവൻ സൗഖ്യമാക്കി (മത്തായി 8:2-15; 9:18-25; മർക്കൊസ് 7:24-37; ലൂക്കൊസ് 17:12-19; യോഹന്നാൻ 4:46-53). തന്നെ ഉപദ്രവിക്കാനും കൊല്ലുവാനും വന്ന മഹാപുരോഹിതൻെറ ദാസൻെറ അററുപോയ ചെവി, അവൻ സൗഖ്യമാക്കി (ലൂക്കൊസ് 22:51).

സ്ഥലകാല ഭേദമെന്യേയാണ് യേശു പലപ്പോഴും ദീനക്കാരെ സുഖപ്പെടുത്തിയത്. കടലിൽ, കുളത്തിൽ, കുളത്തിനു പുറത്ത്, വീട്ടിൽ, പള്ളിയിൽ, ദേവാലയത്തിൽ ഒക്കെ അവൻ സൗഖ്യമാക്കിയിട്ടുണ്ട്. പ്രത്യേക സമയത്തോ, ദിവസത്തിലോ ആഴ്ച്ചയിലോ മാത്രം അതു ഒതുങ്ങി നിന്നില്ല. യഹൂദന്മാരുടെ ശബ്ബത്തു ദിനത്തിൽ പോലും അവൻ ദീനക്കാരെ സുഖപ്പെടുത്തിയിട്ടുണ്ട് (മത്തായി 12:8-3; ലൂക്കൊസ് 13:11-13; യോഹന്നാൻ 5:1-16). ശബ്ബത്തിൻെറ കർത്താവിനേക്കാൾ ആ ദിവസത്തിൽ പ്രവൃർത്തി ചെയ്യുവാൻ അവകാശമുള്ള മററാരാണുള്ളത് (മർക്കൊസ് 2:27-28; ലൂക്കൊസ് 6:5).

## അവൻെറ മനസലിവിനെ കുറിച്ച് പ്രവചനങ്ങൾ മുന്നറിയിക്കുന്നു

വൈകുന്നേരം ആയപ്പോൾ പല ഭൂതഗ്രസ്തരേയും അവൻെറ അടുക്കൽ കൊണ്ടുവന്നു. അവൻ വാക്കുകൊണ്ടു ദുരാത്മാക്കളെ പുറത്താക്കി സകല ദീനക്കാർക്കും സൗഖ്യം വരുത്തി.

(ശേഷം അടുത്ത ലക്കത്തിൽ)

★

# വാർത്തകൾ

## ബദ്‌ലാ സംവിധാനത്തിനു നിരോധനം

ഓഹരി വിപണിയിലെ എതിർപ്പുകളെ വകവയ്ക്കാതെ സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (സെബി) ജൂലൈ രണ്ടു മുതൽ ക്യാരി ഫോർവേഡ് സംവിധാനം (ബദ്‌ലാ) നിർത്തലാക്കി. ഇന്നലെ ചേർന്ന സെബി ബോർഡ് യോഗമാണ് ഈ നിർണായക തീരുമാനം കൈക്കൊണ്ടത്. ഓട്ടോമേറ്റഡ് ലെൻഡിങ് ആൻഡ് ബോറോവിങ് മെക്കാനിസവും (ആൽബം) നിർത്തലാക്കുമെന്നും സെബി ചെയർമാൻ ഡി. ആർ. മേത്ത പറഞ്ഞു.

പുതിയ സംവിധാനം നിക്ഷേപകർക്കു ബുദ്ധിമുട്ട് ഉണ്ടാക്കാതിരിക്കുന്നതിനു ചില ആനുകൂല്യങ്ങൾ സെബി നൽകിയിട്ടുണ്ട്. ഇന്നു വരെ പൊസിഷൻ ഉള്ളവർക്കു സെപ്റ്റംബർ മൂന്നിനകം സ്ക്വയർ ചെയ്താൽ മതി. അതേസമയം നാളെ മുതൽ പൊസിഷൻ എടുക്കുന്നവർ ജൂലൈ രണ്ടിനകം കവർ ചെയ്യുകയും വേണം. സെബി തീരുമാനം ബിസിനസിന്റെ തോതു ഗണ്യമായി കുറയ്ക്കുമെന്നു വിപണി വൃത്തങ്ങൾ പറയുന്നു. പ്രത്യേകിച്ചും ഊഹക്കച്ചവടക്കാർ നടത്തുന്ന ഇടപാടുകളുടെ തോതാണു കുറയുന്നത്.

ക്യാരി ഫോർവേഡ് നിർത്തലാക്കുന്നതോടൊപ്പം ജൂലൈ രണ്ടു മുതൽ റോളിങ് സെറ്റിൽമെൻറ് നടപ്പാകും. ഇതോടൊപ്പം ഓഹരികളിലുള്ള ഓപ്ഷൻ ട്രേഡിങ്ങിനും അന്ന് ആരംഭം കുറിക്കും.

## ജി എസ്. എൽ. വി. മലേഷ്യൻ ഉപഗ്രഹം വിക്ഷേപിക്കും

ഇന്ത്യ വികസിപ്പിച്ചെടുത്ത ജി. എസ്. എൽ. വി. ഉപയോഗപ്പെടുത്തി മലേഷ്യ സാററലൈററ് വിക്ഷേപിക്കും. ജി. എസ്. എൽ. വി. വാണിജ്യപരമായി ഉപയോഗിക്കുന്ന ആദ്യത്തെ രാജ്യമായിരിക്കും മലേഷ്യ. ഇതു സംബന്ധിച്ച് ഐ. എസ്. ആർ. ഒയുടെ ആൻട്രിക്സ് കോർപറേഷനും മലേഷ്യയിലെ ആസ്ട്രോനോട്ടിക്ക് ടെക്നോളജിയും ധാരണാപത്രത്തിൽ ഒപ്പുവച്ചു.

മലേഷ്യയുടെ സ്മോറം പേലോഡ് ഓർബിററ് ട്രാൻസ്ഫർ (സ്പോർട്ട്) ഉറംപെടെ ഭാവിയിൽ വികസിപ്പിക്കുന്ന സാററലൈററുകളാവും ജി. എസ്. എൽ. വി. വഴി വിക്ഷേപിക്കുന്നത്. യൂറോപ്പ്, യു. എസ്. എ. എന്നീ രാജ്യങ്ങറം വികസിപ്പിച്ച ഉപഗ്രഹ വിക്ഷേപണ വാഹനത്തേക്കാറം കുറഞ്ഞ ചെലവിൽ ജി എസ്. എൽ. വി. ഉപയോഗപ്പെടുത്താമെന്നത് ഇന്ത്യയ്ക്ക് ഏറെ നേട്ടമാകുമെന്നു കരുതുന്നു.

മലേഷ്യൻ കോർപറേഷനിലെ എൻജിനീയർമാരെ ആൻട്രിക്സ് ഡിപ്പാർട്ട്മെൻറ് ഓഫ് സ്പേസ് എന്നിവിടങ്ങളിൽ സാററലൈററ് സാങ്കേതിക വിദ്യയിൽ പരിശീലനം നൽകുന്നതിനും ധാരണാ പത്രത്തിൽ വ്യവസ്ഥയുണ്ട്. ഇന്ത്യയും മലേഷ്യയും ഒപ്പുവയ്ക്കുന്ന 15 ധാരണാപത്രങ്ങളിൽ ഒന്നാണിത്.

കേരളത്തിലെ പ്ലീലിയാർ ലാററക്സ് ഇന്ത്യയും മലേഷ്യൻ റബർ ട്രേഡിങ്ങ് കമ്പനിയായ മാർസക്ക് ഇൻറർനാഷനലും സ്വാഭാവിക റബർ വ്യാപാരവുമായി ബന്ധപ്പെട്ട ധാരണപത്രത്തിലും ഒപ്പുവച്ചു.

# നെയ്യാർ ഡാമിൽ വീണ്ടും ചീങ്കണ്ണി ആക്രമണം: ഒരാൾക്ക് പരുക്ക്

നെയ്യാർ ജലസംഭരണിയിൽ വീണ്ടും ചീങ്കണ്ണി ആക്രമണം. ചീങ്കണ്ണിയുടെ കടിയേററ് ഗുരുതരമായി പരുക്കേററ മായം പേഴുംമൂട് വീട്ടിൽ പി. ടി. സുരേന്ദ്രൻ (40) തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലാണ്. ഇന്നലെ രാവിലെ എട്ടരയ്ക്ക് അമ്പൂരി പുരവിമല കടവിനു സമീപമാണു സംഭവം.

തക്കസമയത്ത് നാട്ടുകാർ ഓടിയെത്തിയതുകൊണ്ടു മാത്രമാണു ചീങ്കണ്ണിയുടെ വായിൽനിന്നു സുരേന്ദ്രനു ജീവൻ തിരിച്ചു കിട്ടിയത്. വൈദ്യുതി ബോർഡിലെ ലൈൻമാനായ സുരേന്ദ്രൻ രാവിലെ കുളിക്കാൻ ജലാശയത്തിൽ ഇറങ്ങിയതാണ്. വസ്ത്രം കഴുകുന്നതിനിടയിൽ പിന്നിലൂടെ എത്തിയ ചീങ്കണ്ണി ഇടതു കയ്യിൽ കടന്നു പിടിച്ചു. ചെറുത്തു നിൽക്കാൻ ശ്രമിച്ചെങ്കിലും ഭീമാകാരനായ ചീങ്കണ്ണി വിട്ടില്ല.

നിലവിളികേട്ട് ഓടികൂടിയവർ തറയിൽ വാൽകുത്തി നിവർന്നു നിന്നു സുരേന്ദ്രനെ ചീങ്കണ്ണി ആക്രമിക്കുന്ന ഭീകര ദൃശ്യം കണ്ട് ഭയവിഹ്വലരായി. സുരേന്ദ്രന്റെ ഇടതു കൈ വായ്ക്കുള്ളിലായിരുന്നു. മൂർച്ചയേറിയ ചെതുമ്പലുകൾ കൊണ്ട് ശരീരം മുഴുവൻ പൊട്ടി ചോര ഒലിക്കുന്നുണ്ടായിരുന്നു. സ്ഥലത്ത് മുട്ടോളം വെള്ളമേ ഉണ്ടായിരുന്നുള്ളു. വേനലിൽ സംഭരണി വരണ്ടു കിടക്കുകയാണ്. രണ്ടുതവണ ചീങ്കണ്ണി സുരേന്ദ്രനെ വെള്ളത്തിൽ തള്ളിയിട്ടെങ്കിലും എഴുന്നേൽക്കാനായി. ഇതിനിടെ ഓടികൂടിയവരിൽ ചിലർ വെള്ളത്തിലിറങ്ങാൻ ധൈര്യം കാട്ടി.

# മണിപ്പൂരിൽ വൈദികരെ വധിച്ചത് പണം തട്ടാൽ വന്ന സംഘം

മണിപ്പൂരിൽ തീവ്രവാദികളുടെ വെടിയേററു മരിച്ച രണ്ടു വൈദികരുടെയും വൈദിക വിദ്യാർത്ഥിയുടെയും മൃതദേഹങ്ങൾ ഇന്ന് അഞ്ചിന് ഇംഫാൽ സലേഷ്യൻ ഡോൺബോസ്കോ നൊവിഷ്യേററ് ഹൗസ് സെമിത്തേരിയിൽ സംസ്കരിക്കും.

എസ്. ഡി. ബി. സഭയുടെ ഇംഫാൽ നൊവിഷ്യേററ് ഹൗസ് തലവൻ തൃശൂർ ചിയ്യാരം പാലിയേക്കര കുടുംബാംഗമായ ഫാ. റാഫേൽ (45), കോഴിക്കോട് കുളത്തുവയൽ ചക്കിട്ടപ്പാറ ബ്രദർ ഷിനു ജോസഫ്, ബിഹാർ സ്വദേശി ഫാ. കിൻേറാ എന്നിവരാണു ചൊവ്വാഴ്ച രാത്രി എട്ടുമണിക്കു കൊല്ലപ്പെട്ടത്.

സംസ്കാര ചടങ്ങിൽ പങ്കെടുക്കാൻ ഫാ. റാഫേലിൻെറ സഹോദരന്മാരായ ജോണും ഷോബിയും ഇംഫാലിലേയ്ക്കു പോയിട്ടുണ്ട്. മകൻെറ ഛായാചിത്രത്തിനു മുന്നിൽ മെഴുകുതിരി കത്തിച്ചുവച്ചു വിങ്ങിപ്പൊട്ടുന്ന വാറുണ്ണി (84) യും മറിയക്കുട്ടി (79) യും തീരെ അവശരാണെന്നതിനാൽ യാത്ര ഒഴിവാക്കി.

അത്താഴത്തിനിടെ തോക്കും മററ് ആയുധങ്ങളുമായി കടന്നുവന്ന നാലുപേർ പണം ആവശ്യപ്പെട്ടുവത്രേ. സ്ഥാപനത്തിലെ ജീവനക്കാരുമായി ഇവർ പുറത്തേക്കു പോവുകയും ചെയ്തു. ഇവരെ രക്ഷിക്കാനായാണു ഫാ. റഫേലും ബ്രദർ ഷിനുവും ഫാ. കിൻേറായും പിന്നാലെ ചെന്നത്. വിദ്യാഭ്യാസ സ്ഥാപനമാണെന്നും പണം സൂക്ഷിക്കാറില്ലെന്നുമുള്ള ഫാ. റഫേലിൻെറ വിശദീകരണം അക്രമികൾ വിശ്വസിച്ചില്ല.

★

# ഒരു കുളമ്പുപോലും ശേഷിച്ചുകൂടാ

J. K. ഗോസെറ്റ്

ദൈവത്തിന്റെ സത്യത്തോടു വിട്ടുവീഴ്ച്ച ചെയ്യുവാൻ ആർക്കും അവകാശമില്ല. കാരണം ദൈവം നിഷ്കർഷിച്ചിരിക്കുന്നു. സത്യം സത്യമായി തന്നെ നിലനില്ക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നതു. പണ്ടു ഇസ്രയേൽ ജനം മിസ്രയീമിൽ ഫറവോനു അടിമകളായിരുന്നു. അവർ കഷ്ടത അനുഭവിച്ചപ്പോൾ വിടുവിക്കേണ്ടതിനു അവർ ദൈവത്തോടു അപേക്ഷിച്ചു. അവരെ വിടുവിക്കേണ്ടതിനു ദൈവം മോശെയെ നിയോഗിച്ചു. അവർ മിസ്രയീമിൽ നിന്നു വിട്ടു പോകയാണെങ്കിൽ അവരുടെ കന്നുകാലികളെ മിസ്രയീമിൽ വിട്ടിട്ടു പോകുവാൻ ആണ് ഫറവോൻ ആവശ്യപ്പെട്ടത്. അതിനു മോശെ എന്ന വീണ്ടെടുപ്പുകാരൻ പറഞ്ഞതു: ഞങ്ങളുടെ മൃഗങ്ങളും ഞങ്ങളോടുകൂടെ പോരേണം. ഒരു കുളമ്പുപോലും പിമ്പിൽ ശേഷിച്ചുകൂടാ; ഞങ്ങളുടെ ദൈവമായ യഹോവയെ ആരാധിക്കേണ്ടതിനു അതിൽ നിന്നല്ലോ ഞങ്ങൾ എടുക്കേണ്ടതു. ഏതിനെ അർപ്പിച്ചു യഹോവയെ ആരാധിക്കേണമെന്നു അവിടെ എത്തുവോളം ഞങ്ങൾ അറിയുന്നില്ല (പുറപ്പാട് 10:20). ദൈവിക കാര്യങ്ങളിൽ ഒന്നിലും മോശെ ഒരു വിട്ടുവീഴ്ച്ചയും വരുത്തിയിരുന്നില്ല.

ഇസ്രായേൽ ജനം വാഗ്ദത്ത ദേശമായ കനാനിൽ എത്തുമ്പോൾ ആ ദേശം അന്യദേവന്മാരെ നമസ്കരിച്ചിരുന്ന ഏഴു ജാതികൾ താമസിച്ചിരുന്ന ദേശമായിരുന്നു എന്നോർക്കുക. അതുകൊണ്ടു ഇസ്രായേലിനു കൊടുക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

"നീ കൈവശം ആക്കുവാൻ ചെല്ലുന്ന ദേശത്തു നിന്നെ കടത്തുകയും നിന്നെക്കാൾ പെരുപ്പവും ബലവുമുള്ള ജാ

തികളായ ഹിത്യർ, ഗിർഗ്ഗശ്യർ, അമോര്യർ, കനാന്യർ, പെരിസ്യർ, ഹിവ്യർ, യെബൂസ്യർ എന്നീ ഏഴു മഹാ ജാതികളെ നിന്റെ മുമ്പിൽ നിന്നു നീക്കി കളയുകയും നിന്റെ ദൈവമായ യഹോവ അവരെ നിന്റെ കയ്യിൽ ഏല്പിക്കയും നീ അവരെ തോല്പിക്കയും ചെയ്യുമ്പോൾ അവരെ നിർമ്മൂലമാക്കി കളയേണം; അവരോടു ഉടമ്പടി ചെയ്കയോ കൃപ കാണിക്കയോ അരുതു. അവരുമായി വിവാഹ സംബന്ധം ചെയ്യരുത്. നിന്റെ പുത്രിമാരെ അവരുടെ പുത്രന്മാർക്കു കൊടുക്കയോ അവരുടെ പുത്രിമാരെ നിന്റെ പുത്രന്മാർക്കു എടുക്കയുമരുത്. അന്യ ദൈവങ്ങളെ സേവിപ്പാൻ തക്കവണ്ണം അവർ നിന്റെ പുത്രന്മാരെ എന്നോടു അകററി കളയും; യഹോവയുടെ കോപം നിങ്ങൾക്കു വിരോധമായി ജ്വലിച്ചു നിങ്ങളെ വേഗത്തിൽ നശിപ്പിക്കും. ആകയാൽ നിങ്ങൾ അവരോടു ഇങ്ങനെ ചെയ്യണം. അവരുടെ ബലിപീഠങ്ങൾ ഇടിക്കേണം; അവരുടെ ബിംബങ്ങളെ തകർക്കേണം; അവരുടെ അശേരാ പ്രതിഷ്ഠകളെ വെട്ടിക്കളയേണം; അവരുടെ വിഗ്രഹങ്ങളെ തീയിൽ ഇട്ടു ചുട്ടു കളയേണം. നിന്റെ ദൈവമായ യഹോവയ്ക്കു നീ ഒരു വിശുദ്ധജനമാകുന്നു. ഭൂതലത്തിലുള്ള സകല ജാതികളിലും വെച്ചു നിന്നെ തനിക്കു സ്വന്ത ജനമായിരിക്കേണ്ടതിന്നു നിന്റെ ദൈവമായ യഹോവ തിരഞ്ഞെടുത്തിരിക്കുന്നു'' (ആവർത്തന പുസ്തകം 7:1-6).

യേശുക്രിസ്തു മനസ്സലിവും ദയവും സ്നേഹവും നിറഞ്ഞവനായിരുന്നു. എങ്കിലും സത്യത്തിനു യാതൊരു വിട്ടുവീഴ്ചയും അവൻ അനുവദിച്ചു കൊടുത്തിരുന്നില്ല. ആളുകളെ സ്നേഹിച്ചിരുന്നെങ്കിലും അവരുടെ പാപത്തെ അഥവാ തെററുകളെ അവൻ ഒരിക്കലും അംഗീകരിച്ചിരുന്നില്ല (മർക്കൊസ് 7:1-13; ലൂക്കൊസ് 13:1-5). പരീശന്മാരുടെ തെററുകളെ അവൻ പരസ്യമായി ഖണ്ഡിച്ചിരുന്നു. പരീശന്മാരെ അവൻ വിളിച്ചതു: കപടഭക്തിക്കാരേ, സർപ്പ സന്തതികളേ, മൂഢൻമാരേ, കുരുടൻമാരേ എന്നിങ്ങനെയാണ് (മത്തായി 23).

ഞാൻ ഭൂമിയിൽ സമാധാനം വരുത്തുവാൻ വന്നു എന്നു നിരൂപിക്കരുത്. സമാധാനം അല്ല, വാൾ അത്രേ വരുത്തുവാൻ ഞാൻ വന്നതു. മനുഷ്യനെ തന്റെ അപ്പനോടും മകളെ അമ്മയോടും മരുമകളെ അമ്മായിയമ്മയോടും ഭേദിപ്പിപ്പാനത്രേ ഞാൻ വന്നതു. മനുഷ്യന്റെ വീട്ടുകാർ തന്നെ അവന്റെ ശത്രുക്കൾ ആകും എന്നേക്കാൾ അധികം അപ്പനെയോ അമ്മയെയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല. തന്റെ ക്രൂശെടുത്തു എന്നെ അനുഗമിക്കാത്തവരും എനിക്കു യോഗ്യനല്ല. തന്റെ ജീവനെ കണ്ടെത്തിയവൻ അതിനെ കളയും. എന്റെ നിമിത്തം തന്റെ ജീവനെ കളഞ്ഞവൻ അതിനെ കണ്ടെത്തും (മത്തായി 10:32-39).

എന്താണിതിന്റെ അർത്ഥം ? സത്യത്തിനുവേണ്ടി ഉറച്ചുനില്ക്കുന്നവരോടു അല്ലാത്തവർക്കു പ്രതിഷേധം ഉണ്ടാകും. ഒരേ വീട്ടിൽ താമസിക്കുന്നവരായാൽ പോലും സത്യവും അസത്യവും തമ്മിലുള്ള പോരാട്ടം ആണ് നടക്കുന്നത്. സത്യക്രിസ്തീയ ജീവിതത്തെ പരിശോധിച്ചാൽ ഒന്നാം നൂററാണ്ടിലെ അപ്പൊസ്തലൻമാർ സത്യത്തിനു വേണ്ടി നിലകൊണ്ടവരായിരുന്നു. സത്യത്തിന്റെ വില അവർ മനസിലാക്കിയിരുന്നു. അവരിൽ പലരും രക്തസാക്ഷികളായി തീർന്നതു അതുകൊണ്ടാണ്. കർത്താവ് അവരെ പഠിപ്പിച്ചതു അങ്ങനെയായിരുന്നു.

ലോകത്തിലുള്ള ആളുകൾ തെററിപോകാനുള്ള കാരണം യേശുക്രിസ്തു വ്യക്തമാക്കിയിട്ടുണ്ട്. തിരുവെഴുത്തുകളേയും ദൈവ ശക്തിയെയും തിരിച്ചറിയാത്തതു കൊണ്ടാണ് ആളുകൾ തെററിപോകുന്നത് (മത്തായി 22: 29). യേശു ഈ ഭൂമിയിൽ ജീവിച്ചപ്പോൾ യെരുശലേം ദേവാലയത്തിൽ നടന്ന ക്രമവിരുദ്ധ നടപടികളെ അവൻ എതിർത്തു. സത്യത്തിനു നിരക്കാത്ത പ്രവർത്തികൾ ചെയ്യുന്നതു അവൻ വിലക്കിയിരുന്നു. അതു ആളുകളെ സ്നേഹമില്ലാഞ്ഞിട്ടോ അവരോടു ഭയമില്ലാത്തതുകൊണ്ടോ അ

ല്ല. മറിച്ച് ആളുകളിൽ നിന്നു തിൻമയെ മാററി നിർത്തുവാനുള്ള അതിയായ ആഗ്രഹം കൊണ്ടാണ് അങ്ങനെ ചെയ്തതു. മനുഷ്യരിൽ സത്യവും നീതിയും നിലനിർത്തുവാൻ ആ ഒരു സമീപനം അത്യാവശ്യമാണ്. പാപത്തെ ഖണ്ഡിക്കുമ്പോൾ സത്യത്തെ സ്നേഹിക്കുന്നു. ദൈവനീതിക്കു വിട്ടുവീഴ്ച്ച ചെയ്യാതിരിക്കുമ്പോൾ നാം ദൈവത്തെ സ്നേഹിക്കുന്നു. കർത്താവു ജനങ്ങളെ സത്യത്തിലേക്കും നീതിയിലേക്കും വഴി നടത്തുകയായിരുന്നു. അപ്പോൾ വിട്ടുവീഴ്ച്ച ചെയ്താൽ ഉദ്ദേശത്തിനു മാററം സംഭവിക്കും.

കർത്താവിൻെറ സഭയുടെ ഉദ്ദേശങ്ങളിൽ ഒന്നു ദൈവവചനമാകുന്ന സത്യത്തെ സൂക്ഷിക്കുക എന്നതാണ്. അതായതു ദുരുപദേശത്താൽ ശക്തി ക്ഷയിക്കുവാൻ അനുവദിക്കരുത്. എണ്ണിയാൽ തീരാത്ത ദുരുപദേശങ്ങളുടേയും തെററിദ്ധാരണകളുടേയും മദ്ധ്യേയാണ് മനുഷ്യർ ജീവിക്കുന്നത്. അങ്ങനെയുള്ള സാഹചര്യത്തിൽ യഥാർത്ഥ ക്രിസ്ത്യാനികൾ സത്യം പ്രസംഗിക്കയും സത്യത്തിനു വേണ്ടി നില കൊള്ളുകയും വേണം (1 തിമൊഥെയൊസ് 1:3; 2 തിമൊഥെയൊസ് 3:1-4; യൂദാ 3). അപ്പൊസ്തലനായിരുന്ന പൌലൊസും സത്യത്തിനു വിട്ടുവീഴ്ച്ച വരുത്തിയിരുന്നില്ല. "സുവിശേഷത്തിൻെറ സത്യം നിങ്ങളോടുകൂടെ നിലനില്ക്കേണ്ടതിനു ഞങ്ങൾ അവർക്കു ഒരു നാഴിക പോലും വഴങ്ങി കൊടുത്തില്ല" (ഗലാത്യർ 2:5). ദുരുപദേഷ്ടാക്കളുടെ ദുരുപദേശത്തെ ഇല്ലാതാക്കുവാൻ സത്യോപദേശം അറിഞ്ഞിരിക്കുന്ന നാം പരിശ്രമിക്കണം.

തിരുവെഴുത്തിലെ ദൈവത്തിൻെറ കല്പനകളെ നാം അങ്ങനെ തന്നെ അനുസരിച്ചാലേ അതിൻെറ യഥാർത്ഥഫലം ലഭിക്കയുള്ളൂ.

*

# ബൈബിൾ മറുപടി നല്കട്ടെ

## റോബർട്ട്. എം

എഫെസ്യർ 4:5-ൽ പറയുന്ന ഏക വിശ്വാസത്തിന്റെ അർത്ഥം എന്താണ് ? തിരുവെഴുത്തു സംബന്ധിച്ച സംശയങ്ങൾക്കും ചോദ്യങ്ങൾക്കും ഉത്തരം നല്കേണ്ടതു ബൈബിൾ തന്നെയാണ്. എഫെസ്യർക്കു എഴുതിയ പുസ്തകം നാലാം അദ്ധ്യായത്തിൽ ഏഴു കാര്യങ്ങൾ ഒന്നു എന്നു പറഞ്ഞിരിക്കുന്നതു ശ്രദ്ധിച്ചിരിക്കുമല്ലൊ. ഇപ്പോൾ നമുക്കു ഏക വിശ്വാസത്തിലേക്കു നോക്കാം. വിശ്വാസം എന്ന വാക്കു രണ്ടു വിധത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ഒന്നു വ്യക്തിപരമായ വിശ്വാസത്തെ കുറിക്കുന്നതു. മറ്റൊന്നു വിശ്വാസ വ്യവസ്ഥയെ കാണിക്കുന്നതിനു. വ്യക്തി വിശ്വാസത്തെ നിർവ്വചിക്കുവാൻ പരിഗണനക്കായി റോമാ ലേഖനം പതിന്നാലാം അദ്ധ്യായം ഇരുപത്തിമൂന്നാം വാക്യം എടുക്കാം. അവിടെ ഓരോരുത്തരുടേയും വിശ്വാസത്തെ കുറിച്ചാണ് പരാമർശിക്കുന്നത്. അപ്പോൾ പൌലൊസ് പറയുന്നു: വിശ്വാസത്തിൽ നിന്നു ഉത്ഭവിക്കാത്തതൊക്കെയും പാപമത്രേ എന്ന്.

ഒന്നാം നൂററാണ്ടിൽ ദൈവത്തിന്റെ വെളിപ്പാട് പൂർണ്ണമായി എഴുതി കിട്ടുന്നതിനു മുൻപ് ആളുകൾ പല കാര്യങ്ങളും ചെയ്തുവന്നു. വിഗ്രഹങ്ങളുടെ മുൻപിൽ കൊണ്ടുപോയി പൂജിച്ച ആഹാര പദാർത്ഥങ്ങൾ കഴിച്ചിരുന്നവരും കഴിക്കാത്തവരും ഉണ്ടായിരുന്നു. അങ്ങനെയുള്ളവർക്കു വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ റോമാലേഖനം പതിനാലാം അദ്ധ്യായത്തിൽ നല്കുന്നുണ്ട്. വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആർക്കും കഴിയുകയില്ല എന്നു എബ്രായ ലേഖകൻ പറയുന്നുണ്ട്. എല്ലാവരിലും വിശ്വാസം ഉണ്ടാകണം. അതു പല വിധത്തിലാണ് ആളുകളിൽ വരുന്നതു. പക്ഷെ ദൈവ വിശ്വാസം ഒരാളിൽ വരേണ്ടതു ക്രിസ്തുവിന്റെ വചന കേൾവിയാൽ ആ

കണം എന്നതാണ് ദൈവേഷ്ടം. വിശ്വാസം എന്നതു മനസിന്റെ ഒരു തോന്നൽ അല്ല. പിന്നെയോ പരിപൂർണ്ണമായ ആശ്രയമാണ്. സംശയരഹിതമായ ഉറപ്പാണ് വിശ്വാസം എന്നതു. പഴയ നിയമ കാലയളവിൽ ജീവിച്ചിരുന്ന പല പ്രമുഖരിലും വിശ്വാസം ഉണ്ടായിരുന്നതായി എബ്രായർ പതിനൊന്നാം അദ്ധ്യായം വെളിപ്പെടുത്തുന്നു. അതെല്ലാം അവരുടെ വ്യക്തിപരമായ ദൈവത്തിലുള്ള ആശ്രയമാണ് സൂചിപ്പിക്കുന്നത്.

വ്യക്തികളിലുള്ള വിശ്വാസം ഭിന്നമായിട്ടാണ് കാണപ്പെടുന്നത്. ചിലർക്ക് അല്പ വിശ്വാസമാണ് ഉള്ളത്. കൂടുതൽ വിശ്വാസം ഉള്ളവരുണ്ട്. ഇളകുന്ന വിശ്വാസമുള്ളവരുമുണ്ട്. വേറെ ചിലർക്കു ദൈവത്തിലുള്ളതിനേക്കാൾ മനുഷ്യരിലും അവരുടെ സമുദായത്തിലും വിശ്വാസം ഉള്ളവരാണ്. ഇതൊന്നുമല്ല ബൈബിളിലെ ഏക വിശ്വാസം. അപ്പൊസ്തലനായ പൌലൊസ് ദൈവാത്മാവിനാൽ ഇവിടെ പ്രഖ്യാപിക്കുന്ന ഏക വിശ്വാസം ക്രിസ്തുവിന്റെ ഉപദേശത്തിലുള്ളവിശ്വാസമാണ്. ക്രിസ്തുവിനു ഒരേ ഒരു ഉപദേശമാണുള്ളത്. അവന്റെ വാക്കുകൾ ഒരിക്കൽ ഒരു വിധത്തിലും മറ്റൊരിക്കൽ വേറെ വിധത്തിലും ആയിരുന്നില്ല. അവന്റെ വാക്കുകൾ ഉവ്വ്, ഉവ്വ് എന്നും ഇല്ല, ഇല്ല എന്നും ആയിരുന്നു. ഉപദേശത്തിൽ ഉള്ള ഐക്യതയാണ് കർത്താവു ലോകത്തിനു നല്കിയതു. പക്ഷെ ആ ഐക്യത ഇന്നു ജനങ്ങൾക്കിടയിൽ ഇല്ലാതായിരിക്കുന്നു. പിശാച് കള വിതച്ച് അനൈക്യം വരുത്തിയിരിക്കയാണ്. ദൈവം അരുളിച്ചെയ്തിരിക്കുന്ന ഏക വിശ്വാസത്തിലേക്കു ആളുകൾ മടങ്ങി വരണം. അങ്ങനെ അവരെല്ലാവരും ഒന്നായി തീരണം (യോഹന്നാൻ 17:21-23).

ബൈബിളിൽ ദൈവത്തിന്റെ ഉപദേശത്തെ മറിച്ചു കളയുന്നതു മനുഷ്യരുടെ ഉപദേശങ്ങളാണ്. പിശാചാണ് അവരെക്കൊണ്ടതു ചെയ്യിക്കുന്നത്. ഉപദേശമെന്ന വാക്കു ബഹുവചന രൂപത്തിൽ പറഞ്ഞിരിക്കുന്നതെല്ലാം മനുഷ്യ

ദൂടേതാണ്. ഏകവചന രൂപത്തിൽ പറഞ്ഞിരിക്കുന്നത് ദൈവത്തിന്റേതുമാണ്. ക്രിസ്തുവിന്റെ ഉപദേശത്തിൽ നിന്നു അതിർ കടന്നു പോകുന്ന ഒരുത്തനും ദൈവമില്ല എന്നു തീർത്തു പറഞ്ഞിരിക്കുന്നതു അതുകൊണ്ടാണ് (2 യോഹന്നാൻ 9-10). മനുഷ്യരുടെ സമ്പ്രദായങ്ങൾ പോലും ഇന്നു ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആളുകൾ ചെയ്യുന്നുണ്ട്. മനുഷ്യരുടെ ഉപദേശങ്ങൾ വെച്ചുകൊണ്ടു ആരു തന്നെ ദൈവത്തെ ആരാധിച്ചാലും അതു ദൈവം സ്വീകരിക്കയില്ല എന്നു കർത്താവ് അർത്ഥ ശങ്കക്കിടയില്ലാതെ പറഞ്ഞിട്ടുണ്ട് (മത്തായി 15:9). വിവിധവും അന്യവുമായ ഉപദേശങ്ങളാൽ ആരും നിങ്ങളെ വലിച്ചുകൊണ്ടുപോകരുതു. ആചരിച്ചു പോന്നവർക്കു പ്രയോജനമില്ലാത്ത ഭോജന നിയമങ്ങളാലല്ല, കൃപയാൽ തന്നെ ഹൃദയം ഉറപ്പിക്കുന്നതു നന്നു (എബ്രായർ 13:9). വ്യാജാത്മാക്കളുടെ ഉപദേശങ്ങളെ കുറിച്ച് പൌലൊസ് തിമൊഥെയോസിനെ ഓർമ്മിപ്പിക്കുന്നുണ്ട് (1 തിമൊഥെയൊസ് 4:1).

തെററായതും അസ്വീകാര്യവുമായ നിരവധി ഉപദേശങ്ങൾ ഇന്നു ലോകത്തിൽ പ്രചരിച്ചിട്ടുണ്ട്. ബൈബിളിനു അന്യമായ ഉപദേശങ്ങളെ ദൈവം കർശനമായി ഖണ്ഡിച്ചിട്ടുണ്ട്. കാരണം അവ മനുഷ്യനെ ദൈവത്തിൽ നിന്നും അകററി കളയുകയാണ് ചെയ്യുന്നത്. പ്രയോജനമില്ലാത്ത നിയമങ്ങളിലേക്കോ ആചാരങ്ങളിലേക്കോ നാം ഒരിക്കലും തിരിയരുത്. മനുഷ്യരെ ആത്മീയമായി ഈ ഉപദേശങ്ങൾ കലക്കി കളഞ്ഞിരിക്കയാണ്. ഏതാണ് ശരി, ഏതാണ് തെററ് എന്നു അറിയാതെ, ഏതാണ് വിശ്വസിക്കേണ്ടത് ? ഏതാണ് വിശ്വസിക്കേണ്ടാത്തത് എന്ന കാര്യത്തിൽ ആളുകൾ പരിഭ്രാന്തരാണ്. എന്നാൽ നമ്മുടെ ദൈവം കലക്കത്തിന്റെ ദൈവം അല്ല. അവന്റെ കല്പനകളാകുന്ന ഉപദേശം വ്യക്തവും സ്പഷ്ടവുമാണ്. ഏക വചനത്തിൽ തന്നെയാണ് അവന്റെ വചനമാകുന്ന ഉപദേശത്തെ കുറിച്ച് പറഞ്ഞിരിക്കുന്നത്. അതിൽ യാതൊരു വൈപരീത്യവുമില്ല. അതിനു മാററം വരുത്തേണ്ട ആവശ്യ

മില്ല. അതിനു മാററം വരുത്തേണ്ട ആവശ്യവുമില്ല. ആദ്യ നൂററാണ്ടിലെ ക്രിസ്ത്യാനികൾ അപ്പൊസ്തലന്മാരുടെ ഉപദേശ പ്രകാരം ആണ് ജീവിച്ചിരുന്നതു (പ്രവൃത്തി 2:40-42).

എന്തു വിശ്വസിച്ചാലും നമ്മൾ ആത്മാർത്ഥമായി ജീവിച്ചാൽ മതി എന്നു വിചാരിക്കുന്ന ആളുകളുടെ മദ്ധ്യേയാണ് നാം ജീവിക്കുന്നത്. ആ ആശയം ഒരിക്കലും ദൈവത്തിൻേറതല്ല. തിരുവെഴുത്തു അങ്ങനെ പഠിപ്പിക്കുന്നില്ല. കർത്താവിൻെറ ഉപദേശത്തിൽ പ്രസ്താവിച്ചിരിക്കുന്നതു ഏക വിശ്വാസമാണ് (എഫെസ്യർ 4:3-6). പരസ്പര വിരുദ്ധമായ ഉപദേശങ്ങളെ വിശ്വസിക്കുന്നവർ ദൈവത്തിൻെറ ഉപദേശത്തെ ദുർബ്ബലമാക്കുകയാണ്. ദൈവാത്മാവിനാൽ നല്കിയ ഉപദേശത്തെ സ്വീകരിക്കാൻ മനസില്ലാത്തവരാണ് അന്യമായ ഉപദേശങ്ങളെ ന്യായീകരിക്കുന്നത്. കർത്താവിൻെറ ഏക സത്യ സുവിശേഷത്തിൽ നിന്നു അകന്നു പോയവരെ കുറിച്ചു പൌലൊസ് പറയുന്നതു അവർ കൃപയിൽ നിന്നു വീണുപോയി എന്നാണ് (ഗലാത്യർ 1:6-8). കാരണം സത്യോപദേശം അപ്പൊസ്തലന്മാർക്കു നല്കിയതാണ്. അതുപോരാ എന്ന ധാരണയാൽ വിപരീതോപദേശത്തെ അവർ സ്വീകരിക്കാനിടയായതുകൊണ്ടാണ് അപ്പൊസ്തലൻ അവരെ മുന്നറിയിക്കുന്നത് (ഗലാത്യർ 5:4).

തെററായ ഉപദേശങ്ങളിൽ വിശ്വസിക്കുന്നവർ നഷ്ടപ്പെടാൻ സാദ്ധ്യതയുണ്ട് എന്നതാണ് കാരണം. ക്രിസ്തുവിൻെറ ഏക സുവിശേഷത്തിനു പകരം യെഹൂദ മതാചാരങ്ങൾ അനുഷ്ഠിക്കുവാൻ തുടങ്ങിയ ഗലാത്യരെ അവരുടെ നീക്കം അപകടമാണ് എന്നു ഓർപ്പിക്കയാണ്. അവർ സുവിശേഷത്തിൻെറ നിർമ്മലതയെ മലിനമാക്കി തീർക്കുകയാണ് ചെയ്തതു.

★

# വീട്ടിലേക്കു മടങ്ങി വരിക

ഫ്രാൻസിസ് ഡേവിഡ്

മുടിയനായ പുത്രന്റെ ഉപമ എല്ലാവരേയും ആകർഷിക്കുന്ന ഒന്നാണ്. വീട്ടിൽ നിന്നു പുറത്തു പോകുന്നവർക്കു തിരിച്ചു വീട്ടിൽ എത്തുമ്പോൾ ആശ്വാസം അനുഭവപ്പെടുന്നുണ്ട്. കാരണം സുരക്ഷിതത്വബോധം ആണ്. പുറത്ത് അതില്ല എന്നതു പരമാർത്ഥം തന്നെ. ഒരു അപ്പന്റെയും രണ്ടു പുത്രന്മാരുടേയും ചിത്രം യേശുക്രിസ്തു ലൂക്കൊസ് പതിനഞ്ചാം അദ്ധ്യായത്തിൽ വരച്ച് കാണിച്ചിരിക്കയാണ്. രണ്ടു മക്കളിൽ ഇളയവൻ കരുതലില്ലാത്തവനായിരുന്നു. അവൻ തനിക്കുള്ള സ്വത്തിന്റെ അവകാശം അപ്പനോടു ചോദിച്ചു വാങ്ങി. അവൻ അങ്ങനെ അതു വാങ്ങി പോയാൽ എന്തു സംഭവിക്കുമെന്നു അവന്റെ അപ്പൻ അവനെ മുന്നറിയിച്ചിരിക്കാം. എങ്കിലും അവന്റെ നിർബന്ധം നിമിത്തം പിതാവ് അവന്റെ സ്വത്ത് അവന്നു നല്കി. സ്വത്തു വാങ്ങിയ ഇളയ മകൻ പിതാവിന്റെ ദേശം വിട്ട് ദൂരദേശത്തേക്കു പോയി. അവിടെ അവനു സ്വതന്ത്രമായി എന്തും ചെയ്തു ജീവിക്കാമെന്നു കരുതി. പക്ഷെ സംഭവിച്ചതെന്താണ്? അവൻ തന്റെ സമ്പാദ്യവും പണവും എല്ലാം പാഴാക്കി കളഞ്ഞു. അവനു സ്നേഹിതന്മാരുണ്ടായി. അങ്ങനെ പെട്ടെന്നു എല്ലാം നഷ്ടപ്പെട്ടവനായി തീർന്നു.

തുടർന്നു സംഭവിക്കുന്നതു എന്തെന്നാൽ അവൻ കഷ്ടതയിലേക്കു നീങ്ങി. സകലതും തീർന്നപ്പോൾ ആഹാരത്തിനുപോലും വകയില്ലാതായി. അപ്പോൾ അവന്റെ സ്നേഹിതന്മാർ എല്ലാം പോയി. ആരും അവനെ സഹായിക്കുവാൻ തയ്യാറായില്ല. സാധാരണക്കാർ ചെയ്യുന്ന ജോലിപോലും അവനു കിട്ടിയില്ല. ഒടുവിൽ പന്നികളെ മേയ്ക്കുന്ന ജോലിയാണ് അവനു ലഭിച്ചത്. എങ്കിലും ആ

ഹാരം ഇല്ലാതെ പന്നികൾ തിന്നുന്ന തവിടു തിന്നു വിശപ്പ് അടക്കുവാൻ അവൻ ആഗ്രഹിച്ചുവെങ്കിലും ആരും അവനു കൊടുത്തില്ല. അപ്പോൾ അവനു സുബോധം തിരിച്ചുകിട്ടി. ഒന്നുമില്ലാതിരിക്കുന്ന അവസ്ഥയിലാണ് പലപ്പോഴും ബുദ്ധി ശരിയായി പ്രവർത്തിക്കുന്നത്. അവൻ താമസിച്ച സ്ഥലത്തു വലിയ ക്ഷാമവും നേരിട്ടു. അപ്പോൾ അവൻ തന്റെ അപ്പനെ കുറിച്ചോർത്തു. അപ്പനു ധാരാളം ജോലിക്കാർ ഉണ്ട്. അവർ ഭക്ഷണം കഴിച്ച് ശേഷിപ്പിക്കുകയാണ്. എന്നാൽ അവനോ ഇവിടെ പട്ടിണി കിടക്കുകയാണ്. ആ വിചാരം അവനെ വീട്ടിലേക്കു മടങ്ങി പോകുവാൻ കാരണമാക്കി. അവൻ തന്നെത്താൻ പറഞ്ഞു: ''ഞാൻ എഴുന്നേറ്റു എന്റെ അപ്പന്റെ അടുക്കൽ പോകും. അവിടെ ചെന്നു ഞാൻ നിന്റെ മകൻ എന്നു വിളിക്കപ്പെടുവാൻ യോഗ്യനല്ല; നിന്റെ വേലക്കാരിൽ ഒരുത്തനെപോലെ എന്നെ കണക്കാക്കണം എന്നു പറയും''.

മകൻ പോയതു മുതൽ ദുഃഖിച്ചും വിഷമിച്ചും കഴിയുകയാണ് അപ്പൻ. മകൻ എന്നെങ്കിലും തിരിച്ചു വരുന്നതു കാത്തിരിക്കുകയാണ് അപ്പൻ. ഒരു അപ്പനു മകനോടുള്ള വാത്സല്യത്തിനു അതിരുകളില്ല. അവനു തന്റെ മകനോടു മനസലിവുണ്ട്. മകൻ തിരിച്ചു വീട്ടിലേക്കു വരുന്നതു ദൂരത്തു നിന്നു കണ്ട പിതാവ് അവന്റെ അടുക്കലേക്കു ഓടിച്ചെന്നു. അവന്റെ കഴുത്തു കെട്ടിപ്പിടിച്ചു അവനെ ചുംബിച്ചു. ആഹ്ലാദത്തോടെയും സന്തോഷത്തോടെയും അവനെ പിതാവ് വീട്ടിലേക്കു സ്വീകരിച്ചു. ഇതിൽ നിന്നു നാം ഒരു ഗുണ പാഠം പഠിക്കുന്നുണ്ട്. പിതാവായ ദൈവത്തിന്റെ വസതിയിൽ സുഖമായി കഴിയുന്ന നാം ഓരോരുത്തരും അവനവന്റെ ഇഷ്ടമനുസരിച്ച് ജീവിക്കാൻ തുടങ്ങി. അതു ദൈവത്തെ വേദനിപ്പിച്ചു. നാം മടങ്ങി വരുന്നതു കാണുവാനായി ദൈവം കാത്തിരുന്നു. പാപവും ലോകവും നമ്മെ ആകർഷിപ്പിക്കും. പക്ഷെ അതു വഞ്ചനയുടെ പാതയാണ്. അവസാനം നമ്മെ നിരാശ

പ്പെടുത്തും. ഇന്നും ലോകത്തിൽ സംഭവിക്കുന്നതു മററൊന്നല്ല.

ഈ ഉപമ നമ്മെ വർത്തമാന സംഭവങ്ങളിലേക്കു വിരൽ ചൂണ്ടുന്നുണ്ട്. ഒരിക്കൽ ഒരു പെൺകുട്ടി കൂടെ പഠിച്ചുകൊണ്ടിരുന്ന ഒരാണിനെ സ്നേഹിച്ചു അവൻെറ കൂടെ ഒളിച്ചോടി പോയി. മാസങ്ങൾ അവർ ഒരുമിച്ച് പല സ്ഥലങ്ങൾ കണ്ട് ആഹ്ളാദമായി കഴിച്ചു. പെട്ടെന്ന് ഒരു ദിവസം പുറത്തുപോയ തൻെറ പങ്കാളി തിരിച്ച് വരാതെ അവൾ വിഷമിച്ച് വിലപിച്ചിരുന്നു. അവസാനം അവളുടെ കാത്തിരിപ്പ് നീണ്ടുപോയി. ആശ്രയമില്ലാതെ സഹായിക്കാനാരും ഇല്ലാതെ വന്നപ്പോൾ അവൾ തൻെറ പപ്പയെ കുറിച്ചോർത്തു. അദ്ദേഹം സ്നേഹ സമ്പന്നായ ഒരു പിതാവായിരുന്നു. മകൾ പോയ ദുഃഖം നിമിത്തം അയാൾ രോഗിയായി തീർന്നു. എങ്കിലും മകൾ എന്നെങ്കിലും തിരിച്ചു വരുമെന്നുള്ള പ്രതീക്ഷ അയാളിൽ ഉണ്ടായിരുന്നു. അങ്ങനെ കിടക്കുമ്പോൾ ഒരു ദിവസം മകളുടെ കത്തു കിട്ടി. അയാൾ അവൾക്കു വീട്ടിലെത്തുവാനുള്ള പണം അയച്ചുകൊടുത്തു. അവൾ തിരിച്ച് ലജ്ജയോടെ വീട്ടിലെത്തി. അവളുടെ പപ്പ പറഞ്ഞു: മോളേ കഴിഞ്ഞതു എല്ലാം ഒരു സ്വപ്നമായിരുന്നു എന്നോർത്തു വിട്ടു കളയുക''. അതിരററ സന്തോഷത്താൽ അവളുടെ കണ്ണു നിറഞ്ഞു.

മനുഷ്യരായ അപ്പന്മാർക്കു ഇങ്ങനെ ക്ഷമിക്കാൻ പററുമെങ്കിൽ സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവിനു നമ്മുടെ തെററുകളും ക്ഷമിക്കാൻ കഴിയും എന്നോർക്കുക. ''ഞാൻ അവരുടെ അകൃത്യങ്ങളെ കുറിച്ചു കരുണയുള്ളവൻ ആകും. അവരുടെ പാപങ്ങളെ ഇനി ഓർക്കയുമില്ല എന്നു കർത്താവിൻെറ അരുളപ്പാട് (എബ്രായർ 8:12). ദൈവം ഇന്നും തൻെറ അടുക്കൽ നിന്നു വിട്ടു പോയവരെ വിളിച്ചു കൊണ്ടിരിക്കുന്നു. സുവിശേഷത്താൽ ആണ് വിളിക്കുന്നത് (2 തെസലൊനീക്യർ 2:14). അകൃത്യങ്ങൾ എത്ര വ

ലുതായാലും ചെറുതായാലും അവന്റെ അടുക്കൽ ചെല്ലുന്നവരോടു അവൻ ക്ഷമിക്കും (യെശയ്യാവ് 1:18). നിങ്ങളുടെ പാപം എത്ര കടുഞ്ചുവപ്പായിരുന്നാലും അതിനെ ഹിമം പോലെ വെളുപ്പിക്കാമെന്നാണ് ദൈവത്തിന്റെ വാഗ്ദാനം. എന്നാൽ നാം അവന്റെ വചനം കേട്ടു വിശ്വസിച്ച്, മാനസാന്തരപ്പെട്ട് അവനെ പിൻപറ്റണം. ദൈവവഴിയിൽ സഞ്ചരിക്കാൻ തയ്യാറാകണം. നിങ്ങൾ വിശ്വസ്തനായ ഒരു ക്രിസ്ത്യാനിയായി തീർന്നിട്ടില്ലെങ്കിൽ ദൈവം നിങ്ങളെ വീട്ടിലേക്കു ക്ഷണിക്കുന്നു. ആ ക്ഷണം സ്വീകരിക്കുക.

നിങ്ങളുടെ അവസ്ഥ എന്തായാലും നിങ്ങളുടെ ഭൗതിക ഭവനത്തിൽ ആരായിരുന്നാലും ദൈവത്തിനു പ്രഥമസ്ഥാനം കൊടുക്കണം. ദൈവത്തോടു വിശ്വസ്തത പുലർത്താൻ കഴിഞ്ഞില്ലെങ്കിൽ മനുഷ്യരോടും വിശ്വസ്തത പുലർത്താൻ കഴിയുന്നതല്ല. ഭാര്യയായാലും ഭർത്താവായാലും അപ്പനായാലും അമ്മയായാലും സഹോദരനായാലും സഹോദരിയായാലും മകനോ മകളോ ആയാലും അന്യോന്യം സത്യസന്ധതയും വിശ്വസ്തതയും കാത്തുസൂക്ഷിക്കണം. ദൈവിക ഭവനമായ കർത്താവിന്റെ സഭയിലായി തീർന്നാൽ നിങ്ങളുടെ ബന്ധം സ്ഥിരീകരിക്കപ്പെടും. ദൈവികമായ അറിവ് ഈ ബന്ധം കാത്തു സൂക്ഷിക്കാൻ ആവശ്യമാണ്. നിങ്ങളുടെ ജീവിതം പിതാവിന്റെ ഭവനത്തിലാണോ? നിങ്ങൾക്കു ദൈവത്തിന്റെ അനുഗ്രഹങ്ങൾ നഷ്ടമായിട്ടുണ്ടോ? എല്ലാം നഷ്ടമായാലും ദൈവത്തിന്റെ കല്പനകൾക്കു കീഴ്പ്പെട്ടു ജീവിക്കാൻ ഒരുങ്ങുക.

കർത്താവിന്റെ അടുക്കൽ ചെല്ലുന്നവരെ അവൻ ഒരിക്കലും പഴിക്കയോ ദൂഷിക്കയോ ചെയ്യുകയില്ല. എല്ലാം ക്ഷമിച്ച് നമ്മെ വിശുദ്ധീകരിക്കുന്ന നല്ലൊരു പിതാവാണ് നമുക്കുള്ളത്.

YOUR ATTENTION PLEASE

# Radio Srilanka Broadcasts

ˈLISH- The Voice Of Truth- Speakers: **Reggi Gnanasundaram** And J.C.Choate Fridays: 7:45 to 8:00 p.m.All Correspondence should be sent to Post Box.3815 New Delhi-110049

DI- Sathya Susamachar.Speaker- **Sunny David** At 8:45 p.m. on Sundays and 9:00 p.m on Thursdays
All Correspondence should be sent to
Post Box.3815 New Delhi-110049

NNADA- The Voice Of Truth. Speaker-**Robert Rathnakar** Box. 448,Bangalore- 560004
Sundays: 1:45 to 2:00 p.m.

LAYALAM- The Voice Of Truth. Speaker- **P.K.Varghese** All Correspondence should be sent to Post Box. 5540
Trivandrum 695034, Kerala, India
Fridays: 3:45 p.m.

MIL- The Way Of Truth. Speaker- **P.R.Swamy** At 6:45 p.m. on Sundays, 5:45 p.m. on Thursdays, and 5:30 p.m. on Fridays

LUGU- The Voice Of Truth. Speaker- **Joshua Gootam** At 2:00 p.m. on Mondays, Tuesdays, Thursdays, And Sundays. All Correspondence should Be sent to Post Box. 80, Kakinada 533001

ALL ARE ENCOURAGED TO LISTEN

Reg. No.K. Dis 90095/86/A8. Reg. No.KL/TV (N) 22/2001

JOIN US FOR WORSHIP

# THE CHURCH OF CHRIST MEETS

TO **worship** on
**Sundays at 10 a.m**
And for **Bible study**
On **Tuesdays at 6 p.m**
T.C.27/225
**THAMPURANMUKKU**
Trivandrum – 695037
**ALL ARE WELCOME**

All correspondence should be sent to The Editor
Bible Truth Post Box No.5540, Trivandrum-34, Kerala, India

**From**

**THE BIBLE TRUTH**
**Church Of Christ**
Thampuranmukku
**Trivandrum – 695037**
Kerala, India
Phone : 303378